**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3013** **13-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ പുതിയ പൊതുമരാമത്ത് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിയമസഭാ സാമാജികരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിൽ പുതിയ പൊതുമരാമത്ത് ഓഫീസുകൾ പല വിഭാഗങ്ങളിലായി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പുതിയ കാര്യാലയങ്ങളും അധിക തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച ആവശ്യകത പരിശോധിച്ച് ശാസ്ത്രീയമായി പഠനം നടത്തി വ്യക്തമായി അപഗ്രഥിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ ഒരു "work study" നടത്തുവാൻ IMG - യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പുതിയ കാര്യാലയങ്ങളും അധിക തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച ആവശ്യകത പരിശോധിച്ച് ശാസ്ത്രീയമായി പഠനം നടത്തി വ്യക്തമായി അപഗ്രഥിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ ഒരു "work study" നടത്തുവാൻ IMG - യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓഫീസുകളും തസ്തികകളും ഏതെല്ലാമാണെന്ന് അറിയിക്കുമോ; പ്രൊപ്പോസലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓഫീസുകളുടെയും തസ്തികകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി അടിയന്തരമായി പുതിയ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കും IMG യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

നം. ഇ.എ2/10244/2020

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് ഭരണ വിഭാഗം
തിരുവനന്തപുരം
തീയതി : 10/08/2021

പ്രേഷിതൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി
പൊതുമരാമത്ത് എ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം 18 AUG 2021

സർ,

വിഷയം: പൊ.മ.വ - മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: 31/03/2021 തീയതിയിലെ പൊ.മ.വ (എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നം.പി.ഡബ്ലിയു.ഡി-എ4/108/2020

സൂചന അർദ്ധ ഔദ്യോഗിക കത്തിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു.

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പന് കീഴിൽ പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളിലെ വിവിധ പ്രവൃത്തികൾ ത്വരിതഗതിയിലാക്കുന്നതിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട, നിരത്തുകൾ, പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർമാരുടെ റിപ്പോർട്ട് വാങ്ങുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം ഓരോ വിഭാഗത്തിലേക്കും ആവശ്യമായ അധിക ഓഫീസുകളുടെയും തസ്തികകളുടെയും സാമ്പത്തിക ബാധ്യതാ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ഉൾക്കൊള്ളിച്ച് തുടർ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർക്കുവേണ്ടി

## പൊതുമരാമത്ത് വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ പുതുതായി രൂപീകരിക്കേണ്ട ഓഫീസുകൾ, തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | വിഭാഗം | പുതുതായി ഉപവിഭാഗം ഓഫീസുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ | പുതുതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|---|
| 1. | പാലങ്ങൾ | | നിലമ്പൂർ |
| 2. | കെട്ടിടങ്ങൾ | കൊണ്ടോട്ടി | മങ്കട |
| | | മലപ്പുറം | താനൂർ |
| | | തിരൂർ | വേങ്ങര |
| | | സ്പെഷ്യൽ ബിൽഡിംഗ്സ്, മഞ്ചേരി | അരീക്കോട് |
| | | | കോട്ടക്കൽ |
| | | | സ്പെഷ്യൽ ബിൽഡിംഗ്സ്, മഞ്ചേരി |
| 3. | നിരത്തുകൾ | കൊണ്ടോട്ടി | താനൂർ |
| | | | അരീക്കോട് |
| | | | വേങ്ങര |

| രൂപീകരിക്കേണ്ട പുതിയ തസ്തികകൾ | | എണ്ണം |
|---|---|---|
| പാലങ്ങൾ വിഭാഗം - സെക്ഷൻ ഓഫീസ് (1 എണ്ണം) | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് I | 1 |
| | ഓവർസീയർ ഗ്രേഡ് III | 3 |
| | ക്ലാർക്ക് | 1 |
| | ഓഫീസ് അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| കെട്ടിട വിഭാഗം - സെക്ഷൻ ഓഫീസുകൾ (6 എണ്ണം) | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് III | 3 |
| | ക്ലാർക്ക് | 1 |
| | ഓഫീസ് അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| നിരത്തുകൾ വിഭാഗം - സെക്ഷൻ ഓഫീസുകൾ (3 എണ്ണം) | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് III | 3 |
| | ക്ലാർക്ക് | 1 |
| | ഓഫീസ് അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| കെട്ടിട വിഭാഗം - സബ് ഡിവിഷൻ ഓഫീസുകൾ (4 എണ്ണം) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് I | 2 |
| | ഓവർസീയർ ഗ്രേഡ് II | 3 |
| | ഹെഡ് ക്ലാർക്ക് | 1 |
| | ക്ലാർക്ക് | 3 |
| | ഓഫീസ് അറ്റൻഡന്റ് | 2 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| നിരത്തുകൾ വിഭാഗം - സബ് ഡിവിഷൻ ഓഫീസ് (1 എണ്ണം) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് I | 2 |
| | ഓവർസീയർ ഗ്രേഡ് II | 2 |
| | ഹെഡ് ക്ലാർക്ക് | 1 |
| | ക്ലാർക്ക് | 3 |
| | ഓഫീസ് അറ്റൻഡന്റ് | 2 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |

## ആകെ സൃഷ്ടിക്കേണ്ട തസ്തികകളുടെ സംക്ഷിപ്തം

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 10 |
| ഹെഡ് ക്ലാർക്ക് | 5 |
| ക്ലാർക്ക് | 25 |
| ഓഫീസ് അറ്റൻഡന്റ് | 20 |
| ഓവർസീയർ ഗ്രേഡ് I | 11 |
| ഓവർസീയർ ഗ്രേഡ് II | 14 |
| ഓവർസീയർ ഗ്രേഡ് III | 30 |
| പാർട്ട് ടൈം സ്വീപ്പർ | 15 |
| **ആകെ** | **135** |